Page 1 of 1

&

(സി) ഓരോ പദ്ധതിയുടെയും പ്രവർത്തന പുരോഗതി അറിയിക്കാമോ?

വാമനപുരം നിയോജകമണ്ഡലത്തിൽ റീബിൽഡ് കേരള ഇനിഷ്യേറ്റീവിലൂൾപ്പെടുത്തി നടപ്പിലാക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുള്ള പദ്ധതികൾ, ഓരോ പദ്ധതിക്കും അനുവദിച്ച തുക, പദ്ധതികളുടെ പ്രവർത്തന പുരോഗതി എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

വാക്സിനുകളുടെ നിർമ്മാണം

10 (4733) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് 19 പ്രതിരോധത്തിന്റെ ഭാഗമായി വാക്സിനുകൾ കയറ്റുമതി ചെയ്യുന്ന നടപടി തിരുത്തണമെന്നും സംസ്ഥാനത്തിനാവശ്യത്തിന് വാക്സിനുകൾ ലഭ്യമാക്കണമെന്നും ആവശ്യപ്പെട്ട് കേന്ദ്രത്തിന് നിവേദനം നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

വാക്സിനേഷൻ നൽകാനുള്ള പ്രായപരിധിയിലുൾപ്പെട്ട എല്ലാവർക്കും എത്രയും വേഗം വാക്സിനേഷൻ നൽകുന്നതിനായി ആവശ്യമായ അളവിൽ വാക്സിൻ ലഭ്യമാക്കണമെന്ന് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) ആവശ്യത്തിന് വാക്സിനുകൾ കേരളത്തിൽ ലഭ്യമാക്കാത്ത സാഹചര്യം പരിഗണിച്ച് കേരളത്തിൽതന്നെ കോവിഡ് പ്രതിരോധ വാക്സിൻ നിർമ്മിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

&

(സി) വാക്സിൻ നിർമ്മാണവുമായി ബന്ധപ്പെട്ട് ഇതുവരെ നടന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണ്; എന്നത്തേയ്ക്ക് വാക്സിൻ നിർമ്മാണം ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

തിരുവനന്തപുരം തോന്നയ്ക്കലിലെ ലൈഫ് സയൻസ് പാർക്കിൽ വാക്സിൻ ഉൽപ്പാദന യൂണിറ്റ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കായി പ്രോജക്ട് ഡയറക്ടറെ നിയമിക്കുകയും, ആറ് അംഗങ്ങളെ ഉൾപ്പെടുത്തിക്കൊണ്ട് വർക്കിംഗ് ഗ്രൂപ്പ് രൂപീകരിച്ച് സത്വര നടപടികൾ സ്വീകരിച്ച് വരികയുമാണ്.

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly